# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2710

20.06.2013 ൽ മറുപടിയ്ക്ക്

സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളുടെ വിജയശതമാനം കുറഞ്ഞത്

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. തോമസ് ചാണ്ടി**<br>**ശ്രീ. എ.കെ. ശശീന്ദ്രൻ** | **ശ്രീ. പി.കെ. അബ്ദുറബ്ബ്**<br>**(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| എഞ്ചിനീയറിംഗ് വിദ്യാഭ്യാസ നിലവാരത്തകർച്ച നേരിടുമ്പോൾ പ്രവേശന മാനദണ്ഡത്തിൽ ഇളവ് വരുത്താനുള്ള തീരുമാനം സ്വീകരിക്കാനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ? | AICTE നിബന്ധന പ്രകാരം എഞ്ചിനീയറിംഗ് പ്രവേശനത്തിന് ഗണിത ശാസ്ത്രത്തിന് 45% മാർക്ക് മാത്രമെ യോഗ്യതാ പരീക്ഷയ്ക്ക് ആവശ്യമുള്ളൂ എന്നാൽ കേരളത്തിൽ ഗണിത ശാസ്ത്രത്തിന് പ്രത്യേകിച്ച് 50% മാർക്കും, ഗണിത ശാസ്ത്രം ഭൗതിക ശാസ്ത്രം, രസതന്ത്രം (രസതന്ത്രം അല്ലെങ്കിൽ നിർദ്ദിഷ്ട അനുബന്ധ വിഷയത്തിൽ) എന്നിവയെല്ലാം കൂടി 50% നേടിയിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരുന്നു. പ്രസ്തുതമാനദണ്ഡങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ എഞ്ചിനീയറിംഗ് പ്രവേശനത്തിന് യോഗ്യതാ പരീക്ഷയിൽ ഗണിതശാസ്ത്രത്തിന് 45% മാർക്ക് ലഭിച്ച വിദ്യാർത്ഥികൾ ഭൗതിക ശാസ്ത്രം, രസതന്ത്രം (രസതന്ത്രം അല്ലെങ്കിൽ നിർദ്ദിഷ്ട അനുബന്ധ വിഷയത്തിൽ)എന്നീ വിഷയങ്ങളിൽ 60% മാർക്ക് ലഭിച്ചാൽ അവർ G.O.(MS)214/13/H.Edn dated 30/05/2013 എന്ന ഉത്തരവ് പ്രകാരം എഞ്ചിനീയറിംഗ് പ്രവേശനത്തിന് അർഹരാണ് മിടുക്കരായ ധാരാളം വിദ്യാർത്ഥികൾക്ക് ഗണിതശാസ്ത്രത്തിന് മാർക്ക് കുറവായ കാരണം കൊണ്ട് മാത്രം അവർക്ക് എഞ്ചിനീയറിംഗ് പ്രവേശനം നിഷേധിക്കപ്പെ)തിരിക്കാനാണ് ഇത്തരത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ഈ ഉത്തരവിലൂടെ എഞ്ചിനീയറിംഗ് പ്രവേശനത്തിന് അർഹതനേടുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം ഉറപ്പുവരുത്തുന്നോടൊപ്പം ഇതുവഴി മിടുക്കരായ ധാരാളം വിദ്യാർത്ഥികൾക്ക് അന്യ സംസ്ഥാനത്തെ കോളേജുകളെ ആശ്രയിക്കാതെ, സംസ്ഥാനത്തിനകത്തു തന്നെ എഞ്ചിനീയറിംഗ് പഠനത്തിന് അവസരം ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ